**സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, വയനാട്**
തലപ്പുഴ പി.ഒ - 670 644, ഫോൺ നമ്പർ. 04935 257 321
ഇ-മെയിൽ : gecwoffice@gmail.com

---

**അക്കാദമിക്ക് (സി-1) സെക്ഷൻ**

GECWYD/445/2026-C1 08-09-2026

---

**ഒന്നാം വർഷ ബി.ടെക് കോഴ്സുകളിലേക്കുള്ള സ്ഥാപനതല സ്പോട്ട് അഡ്മിഷൻ 2026-2027**

**അറിയിപ്പ്**

2026, സെപ്റ്റംബർ, 11 വെള്ളിയാഴ്ച ഈ കോളേജിൽ നടക്കുന്ന ഒന്നാം വർഷ ബി.ടെക് കോഴ്സുകളിലേക്കുള്ള സ്ഥാപനതല സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ താഴെ പറയുന്ന രേഖകളുമായി അന്നേ ദിവസം രാവിലെ 11 മണിക്ക് മുൻപായി കോളേജിൽ ഹാജരായി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

**പ്രധാന അറിയിപ്പ്:**

- സ്പോട്ട് അഡ്മിഷൻ പ്രക്രിയയിൽ വിദ്യാർത്ഥിക്ക് വ്യക്തിപരമായ കാരണങ്ങളാൽ നേരിട്ട് ഹാജരാകാൻ കഴിയാത്ത സാഹചര്യത്തിൽ, **ഒരു മാതാവിനോ പിതാവിനോ നിയമപരമായ ഗാർഡിയനിനോ പ്രതിനിധിയായി ഹാജരാകാൻ** അനുവാദം നൽകുന്നതാണ്. ഇതിനായി വിദ്യാർത്ഥിയുടെ ഫോട്ടോയും ഒപ്പും ഉൾപ്പെടുന്ന **ഓതറൈസേഷൻ ലെറ്റർ (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)** നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

**(ഓതറൈസേഷൻ ലെറ്ററിന്റെ Annexure - XIX പ്രകാരമുള്ള നിശ്ചിത മാതൃക കോളേജ് വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)**

## നിർദ്ദേശങ്ങൾ

- സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ KEAM 2026 റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം
- നിലവിൽ ഏതെങ്കിലും എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ സ്പോട് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ
    - സർട്ടിഫിക്കറ്റുകളുടെ പകർപ്പ്
    - അഡ്മിഷൻ സ്ലിപ്
    - *NOC (ഗവൺമെന്റ്/എയ്ഡഡ്/CAPE/IHRD/SCTCE/CUSAT/LBS സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഒഴികെ) എന്നിവ ഹാജരാക്കേണ്ടതാണ്.
- പ്രവേശന സമയത്ത് സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ആവശ്യമായ പകർപ്പുകൾ വിദ്യാർത്ഥികൾ കൈവശം സൂക്ഷിക്കേണ്ടതാണ്.
- നോൺ ക്രീമിലെയർ/ ജാതി/ വരുമാന സർട്ടിഫിക്കറ്റ് (ബാധകമായവർക്ക്)
- രാവിലെ 11 മണിക്ക് മുൻപായി ലഭിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ
- സ്പോട്ട് അഡ്മിഷനിൽ പങ്കെടുത്ത് ലിസ്റ്റിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളെ മാത്രമേ നിലവിലുള്ളതും ഇനി വരാനിരിക്കുന്നതുമായ ഒഴിവുകളിലേക്ക് പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ.
- സ്ഥാപനത്തിൽ ഫീസുകൾ (9650/- രൂപ) ഡിജിറ്റൽ ട്രാൻസാക്ഷൻ മുഖാന്തിരം അടക്കേണ്ടതാണ്.

***NOC ഹാജറാക്കാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും സ്പോട്ട് അഡ്മിഷൻ നടപടികളിൽ പങ്കെടുപ്പിക്കുന്നതല്ല.***

**അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ പ്രവേശന സമയത്ത് ഹാജരാക്കേണ്ട രേഖകൾ**

- കീം ഡാറ്റ ഷീറ്റ് 2026
- കീം അഡ്മിറ്റ് കാർഡ് 2026
- എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് (ഒറിജിനൽ സർട്ടിഫിക്കറ്റും, സാക്ഷ്യപ്പെടുത്തിയ രണ്ട് പകർപ്പുകളും, )
- +2/ തത്തുല്യ പരീക്ഷയുടെ സർട്ടിഫിക്കറ്റ് (ഒറിജിനൽ സർട്ടിഫിക്കറ്റും സാക്ഷ്യപ്പെടുത്തിയ രണ്ട് പകർപ്പുകളും)
- ജനന തീയ്യതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

- അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ്
- സ്വഭാവ സർട്ടിഫിക്കറ്റ് (6 മാസ കാലവധിയിലുള്ളത്) (കാലാവധി കഴിഞ്ഞ സർട്ടിഫിക്കറ്റുകൾക്ക് പകരമായി ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്വഭാവ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.)
- മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
- ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (6 മാസ കാലവധിയിലുള്ളത്)
- നോൺ ക്രീമിലെയർ/ ജാതി/ വരുമാന സർട്ടിഫിക്കറ്റ് (ബാധകമായവർക്ക്)
- കീം പ്രോസ്പെക്ടസ്സ് പ്രകാരം ബാധകമായ എല്ലാ രേഖകളും

**പ്രിൻസിപ്പാൾ**

**<u>പകർപ്പ്</u>**

1. ആകാശ് കരുൺ കെ പി, കമ്പ്യൂട്ടർ പ്രോഗ്രാമർ (കോളേജ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)